## കോവിഡ് -19 പ്രവർത്തനങ്ങൾ കരീപ്ര CDS

കൊട്ടാരക്കര ബ്ലോക്കിന്റെ കീഴിൽ വരുന്ന 18 വാർഡ് ഉൾക്കൊള്ളുന്ന കരീപ്ര പഞ്ചായത്തിന് ഒട്ടേറെ മികച്ച പ്രവർത്തനങ്ങൾ നമ്മൾ നേരിട്ട് കൊണ്ടിരിക്കുന്ന മഹാമാരി ആയ കോവിഡ് -19 ന്റെ കാലത്ത് കാഴ്ച വക്കാൻ സാധിച്ചിട്ടുണ്ട്. മാസ്കുകൾ വിതരണം ചെയ്തും, കമ്മ്യൂണിറ്റി കിച്ചൺ വഴി സൗജന്യ ഭക്ഷണം വിതരണം ചെയ്തും ജനങ്ങൾക്ക് മികച്ച പരിരക്ഷ ഉറപ്പ് വരുത്തുന്നതിൽ ഈ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് കഴിഞ്ഞു. ഇതിൽ ഒരു നേടും തൂണായി പ്രവർത്തിച്ചത് കുടുംബശ്രീ സംവിധാനം ആണെന്ന് അഭിമാനത്തോടെ ഓർക്കാൻ സാധിക്കുന്നു.

## കോവിഡ് -19 കാലത്തെ പ്രധാന പ്രവർത്തനങ്ങൾ

കുടുംബശ്രീയുടെ പ്രവർത്തനത്തിൽ എടുത്തു പറയേണ്ടത് ആ കാലയളവിലെ കമ്മ്യൂണിറ്റി കിച്ചന്റെ പ്രവർത്തനം ആണ്. കോവിടിന്റെ കാലത്ത് ഭക്ഷണം കിട്ടാതെ ബുദ്ധിമുട്ടിയ ഏകദേശം അഞ്ഞൂറോളം പേർക്ക് ഭക്ഷണപ്പൊതി വിതരണം ചെയ്യാൻ കുടുംബശ്രീ യുടെ നേതൃത്വത്തിൽ ആരംഭിച്ച ദേവി കമ്മ്യൂണിറ്റി കിച്ചന് സാധിച്ചു.





മാർച്ച് 29 നു കരീപ്ര സോപാനം ഓഡിറ്റോറിയത്തിൽ ആയിരുന്നു ഈ കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തനം ആരംഭിച്ചത്. ഏപ്രിൽ 30 നു പ്രവർത്തനം അവസാനിപ്പിക്കുകയും ചെയ്തു.

ഈ കാലയളവിൽ 6074 സൗജന്യ ഭക്ഷണ പൊതികൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ ഉള്ള ദേവി കമ്മ്യൂണിറ്റി കിച്ചന് നൽകാൻ കഴിഞ്ഞു.. ചെയർപേഴ്സൺ ഉൾപ്പെടെ 10





ഓളം കുടുംബശ്രീ അംഗങ്ങളുടെ കൂട്ടായ്മയോടെ ആണ് ഇത് പ്രവർത്തിച്ചത്.

മറ്റൊരു എടുത്തു പറയത്തക്ക നേട്ടമാണ് കോവിഡ് കാലത്തെ ബാലസഭയുടെ പ്രവർത്തനങ്ങൾ.. ഇത് കുട്ടികളുടെ കഴിവുകളെ ഉണർത്താൻ ഒരു പരിധി വരെ സഹായിച്ചു. പ്രധാനമായും രണ്ടു



പ്രവർത്തനങ്ങൾ ആണ് ബാലസഭ നടത്തിയത്. ഏപ്രിൽ 10-14 കാലയളവിൽ നടത്തിയ പ്രോഗ്രാമാണ് 'ടാലെന്റോ ബാലസഭ 2020'.CDS തലത്തിൽ രൂപീകരിച്ച ബാലസഭയുടെ വാട്സാപ്പ് ഗ്രൂപ്പിലൂടെ ആണ് കുട്ടികൾ അവരുടെ കഴിവുകൾ മറ്റുള്ളവരിൽ എത്തിച്ചത്. രണ്ടാമത്തേത് മെയ് 1 മുതൽ 12 വരെ സംഘടിപ്പിച്ച 'റിഥം ഓഫ് നേച്ചർ ' എന്ന പ്രോഗ്രാം ആണ്. സസ്യപരിപാലനം, വൃക്ഷത്തൈ നടൽ എന്നീ ആക്ടിവിറ്റികളിലൂടെ പ്രകൃതിയോട് കൂടുതൽ ഇണങ്ങാൻ കുട്ടികൾക്കു കഴിഞ്ഞു. ഈ പ്രോഗ്രാമിൽ ഉൾപ്പെടുത്തിയ 'പഴയ കളികളെ പരിചയപ്പെടൽ 'എന്ന ഇനം പണ്ടുകാലത്ത് ഉണ്ടായിരുന്ന കളികളെ കൂടുതൽ പരിചയപ്പെടാൻ വലിയ പങ്കു വഹിച്ചു.



കോവിഡ് കാലത്ത് കുടുംബശ്രീ അംഗങ്ങൾ വീടുകളിൽ നടത്തിയ സർവ്വേ കോവിഡിനെ പ്രതിരോധിക്കാൻ വയോജനങ്ങളെ സജ്ജരാക്കുവാൻ ഒരു പരിധി വരെ സാധിച്ചു. ഇത് കൂടാതെ പഞ്ചായത്തിന് വേണ്ടി കുടുംബശ്രീ യൂണിറ്റുകൾ ചേർന്ന് മാസ്ക്, ഹാൻഡ്‌വാഷ് നിർമാണത്തിലും പങ്കാളികൾ ആകുകയും വാർഡ്

തലത്തിൽ കുടുംബശ്രീ പ്രവർത്തകർ അവർ നിർമിച്ച മാസ്ക്, ഹാൻഡ് വാഷ് ഇവ വിതരണം ചെയുകയും ചെയ്തു.





ADS Monetary Help



CMHLS Loan Distribution

കുടുംബശ്രീയുടെ ഭാവി പ്രവർത്തനം എന്ന രീതിയിൽ കണക്കാക്കുന്നത് ജനകീയ ഹോട്ടൽ രൂപീകരണം ആണ്. പഞ്ചായത്തിന്റെ പൂർണ പിന്തുണയോടു കൂടിയാണ് ജനകീയ ഹോട്ടൽ ആരംഭിക്കാൻ പോകുന്നത്. സ്ഥലം കണ്ടെത്തുന്നതിന് ഉള്ള വെല്ലുവിളി ആണ് നിലവിൽ കാലതാമസം ഉണ്ടാകുന്നതിനു കാരണം. ഈ ബുദ്ധിമുട്ട് എത്രയും വേഗം പരിഹരിച്ചു കുടുംബശ്രീയുടെ നേതൃത്വത്തിൽ ഒരു ജനകീയ ഹോട്ടൽ കരീപ്ര സിഡ്സ് ൽ പ്രവർത്തിക്കുന്നതാണ്.

രശ്മി എൽ
കൊട്ടാരക്കര ബിസി